പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 7203 16.07.2012- ൽ മറുപടിക്ക്

ജില്ലാതല ദുരന്ത നിവാരണ സെല്ലുകളുടെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. എം.എ ബേബി<br>ശ്രീ. കെ.കെ ജയചന്ദ്രൻ<br>ശ്രീ. കെ.വി അബ്ദുൾ ഖാദർ<br>ശ്രീമതി. കെ.കെ ലതിക | | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) | കാലവർഷം ആരംഭിച്ച സാഹചര്യത്തിൽ സംസ്ഥാനത്ത് ദുരന്ത നിവാരണ അതോറിറ്റിയുടെ പ്രവർത്തനക്ഷമത സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ദുരന്തനിവാരണ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; | (ബി) | ദുരന്തങ്ങളോട് സമയോചിതമായി പ്രതികരിക്കുന്നതിനും ആസൂത്രണത്തിനുമായി 2005 ലെ ദുരന്ത നിവാരണ നിയമം അടിസ്ഥാനമാക്കി സംസ്ഥാന മുഖ്യമന്ത്രി ചെയർമാനും, റവന്യൂ വകുപ്പ് മന്ത്രി വൈസ് ചെയർമാനുമായി ദുരന്ത നിവാരണ അതോറിറ്റിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്. കൂടാതെ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും, റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറുമായി സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയും പ്രവർത്തിക്കുന്നു. ജില്ലകളിൽ ജില്ലാ കളക്ടർ ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കോ-ചെയർമാനുമായി ജില്ലാ ദുരന്ത നിവാരണ അതോറിറ്റിയും പ്രവർത്തിച്ചു വരുന്നു.<br>സ്ഥിതി ഗതികൾ വിലയിരുത്തുന്നതിനും ആവശ്യമായ നിർദ്ദേശങ്ങൾ നല്കുന്നതിനും ലാന്റ് റവന്യൂ കമ്മീഷണറേറ്റിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംസ്ഥാനതല കൺട്രോൾ റൂമും ജില്ലാ കളക്ട്രേറ്റുകളിൽ ജില്ലാതല കൺട്രോൾ റൂമുകളും പ്രവർത്തിക്കുന്നുണ്ട്.<br>ദുരന്ത സമയങ്ങളിൽ ബന്ധപ്പെട്ട വകുപ്പ് നോഡൽ വകുപ്പായി പ്രവർത്തിച്ച് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നതിനും ശ്രദ്ധിക്കുന്നു. എല്ലാ ജില്ലകളിലും ജില്ലാ ദുരന്ത നിവാരണ പ്ലാനുകളും തയ്യാറാക്കിയിട്ടുണ്ട്.<br>ദുരന്തനിവാരണ അതോറിറ്റി മുൻകൈയെടുത്ത് സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും വിവിധ തരത്തിലുള്ള കപ്പാസിറ്റി ബിൽഡിംഗ് പരിപാടികൾ നടപ്പിലാക്കി വരുന്നു. യു.എൻ.ഡി.പി യുടെ സഹായത്തോടെ ഇടുക്കി, പാലക്കാട്, വയനാട് ജില്ലകളിൽ ഡിസാസ്റ്റർ റിസ്ക് റിഡക്ഷൻ പ്രോഗ്രാമുകളും എല്ലാ കോർപ്പറേഷനുകളിലും നഗര ദുരന്ത ലഘൂകരണ പദ്ധതികളും നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി ജില്ലാതലങ്ങളിൽ തെരഞ്ഞെടുത്ത വില്ലേജുകളിൽ വില്ലേജ് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികളും, കോർപ്പറേഷനുകളിലെ തെരഞ്ഞെ |

| | | | |
|---|---|---|---|
| | | | ടുത്ത വാർഡുകളിൽ വാർഡ്തല ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റികളും രൂപീകരിച്ച് അംഗങ്ങൾക്ക് പരിശീലനം നൽകി വരുന്നു. ഇവിടങ്ങളിലെ തെരഞ്ഞെടുത്ത സ്കൂളുകളിൽ സ്കൂൾ സുരക്ഷാ ക്ലബ്ബുകൾ രൂപീകരിച്ച് കുട്ടികൾക്കും പരിശീലനം നൽകി വരുന്നുണ്ട്. ജില്ലകളിലെ സന്നദ്ധ സംഘടനകൾക്കും ഇത്തരത്തിൽ പരിശീലനം നൽകുന്നത്. കൂടാതെ ഐ.എൽ.ഡി.എം മുഖേന സർക്കാർ ജീവനക്കാർക്കും മറ്റുള്ളവർക്കും ദുരന്ത നിവാരണത്തിൽ വിവിധ തരത്തിലുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചു വരുന്നു.<br>റിമോട്ട് സെൻസിംഗിന്റെ സഹായത്താൽ ദുരന്തങ്ങളെക്കുറിച്ച് പഠനം നടത്തുന്നതിന് ദുരന്ത നിവാരണ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ഹസാർഡ് വൾനറബിലിറ്റി റിസ്ക് അനാലിസിസ് സെൽ (എച്ച്.വി.ആർ.എ) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. |
| (സി) | ജില്ലാതല ദുരന്തനിവാരണ സെല്ലുകളുടെ സ്ഥിതിയെന്തെന്ന് പരിശോധിച്ചിട്ടുണ്ടോ; സെല്ലിന്റെ പ്രവർത്തനത്തിനാവശ്യമായ ഉപ കരണങ്ങൾ ലഭിക്കാത്തതുമൂലം തിരുവനന്തപുരം സെല്ലിന്റെ പ്രവർത്തനം അവതാളത്തിലാണെന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത് പരിഹരി ക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കുമോ; | (സി) | പരിശോധിച്ചിട്ടുണ്ട്. തിരുവനന്തപുരം സെല്ലിന്റെ പ്രവർത്തനം അവതാളത്തിലാണെ ന്നുള്ള വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സെല്ലിന്റെ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി 14 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കൂടുതൽ ഉപകരണങ്ങൾ വാങ്ങുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) | ജില്ലാതല ദുരന്തനിവാരണ സെല്ലുകളുടെ പ്രവർത്തനം കാര്യ ക്ഷമമാക്കുന്നതിന് ഇതിനകം സ്വീകരിച്ചിട്ടുള്ള നടപടികൾ വിശ ദമാക്കാമോ; | (ഡി) | ജില്ലാതല ദുരന്തനിവാരണ സെല്ലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് 30.04.2012 ന് ദുരന്ത നിവാരണ അതോറിറ്റി സെക്രട്ടറി എല്ലാ ജില്ലകളിലുമായി വീഡിയോ കോൺഫറൻസിംഗ് നടത്തി ജില്ലകളുടെ പ്രവർത്തനം വിലയിരുത്തുകയും, ജില്ലകളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ നിന്ന് ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | മുൻവർഷം കാലവർഷക്കെടുതി മൂലം ഉണ്ടായ നാശനഷ്ടങ്ങൾ എത്രയാണെന്ന് കണക്കാക്കി യിട്ടുണ്ടോ; കേന്ദ്രസർക്കാരിൽ നിന്നും ലഭിച്ച തുക എത്ര; പ്രസ്തുത തുക എപ്രകാരം വിനിയോഗിക്കുകയുണ്ടായി; നാശ നഷ്ടം സംഭവിക്കുന്നവർക്കെ ല്ലാം സഹായം ലഭ്യമാക്കുമോ? | (ഇ) | മുൻ വർഷം കാലവർഷക്കെടുതി മൂലമുണ്ടായ നാശനഷ്ടം 1428.75 കോടി രൂപയാണ്.<br>സംസ്ഥാന ദുരന്തനിവാരണ നിധിയി ലേക്കുള്ള കേന്ദ്ര വാർഷിക വിഹിതത്തിനു പുറമെ 109.69 കോടി രൂപ കൂടി ലഭിച്ചിട്ടുണ്ട്. ജില്ലാ കളക്ടർമാർ അഭ്യർത്ഥിക്കുന്ന മുറയ്ക്ക് തുക വിതരണം ചെയ്തു വരുന്നു. സംസ്ഥാന ദുരന്ത നിവാരണ നിധിയിൽ നിന്നും തുക ചെലവഴിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങ ളനുസരിച്ച് അർഹരായവർക്കെല്ലാം സഹായം നൽകി വരുന്നു. |

(signature)

സെക്ഷൻ ഓഫീസർ